# സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ, കേരളം
# തിരുവനന്തപുരം.

## സർക്കുലർ

നമ്പർ:ബി1/33870/2020/സംതിക., തീയതി:05.12.2020

വിഷയം:- സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ – 2020–ലെ പൊതുതിരഞ്ഞെടുപ്പ് - പോളിംഗ് ബൂത്തുകളിൽ അന്ധതയുള്ള വോട്ടർമാർക്കും പ്രായമായ വോട്ടർമാക്കും സൗകര്യം ഏർപ്പെടുത്തുന്നത്– സംബന്ധിച്ച്

സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ തിരഞ്ഞെടുപ്പിൽ കാഴ്ച പരിമിതിയുള്ളവരും ശാരീരിക അവശതയുള്ളവരും രോഗബാധിതരും പ്രായമായവരുമായ വോട്ടർമാർ പോളിംഗ് സ്റ്റേഷനിൽ നേരിട്ട് ഹാജരായി തന്നെ വോട്ടുരേഖപ്പെടുത്തേണ്ടതുണ്ട്. പ്രത്യേക പരിഗണന അർഹിക്കുന്ന മേൽപ്പറഞ്ഞ വിഭാഗം വോട്ടർമാർക്ക് വോട്ടുരേഖപ്പെടുത്തുന്നതിന് പോളിംഗ് സ്റ്റേഷനുകളിൽ താഴെപറയുന്ന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ബന്ധപ്പെട്ട ഓഫീസർമാർക്ക് ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥൻ നിർദ്ദേശങ്ങൾ നൽകേണ്ടതാണ്.

1. കാഴ്ചപരിമിതർ, അംഗപരിമിതർ, രോഗബാധിതർ, 70 വയസിന് മുകളിൽ പ്രായമായവർ എന്നിവർക്ക് ക്യൂ ഇല്ലാതെ തന്നെ പോളിംഗ് ബൂത്തിൽ പ്രവേശിച്ച് വോട്ട് ചെയ്യുന്നതിന് അർഹരാണെന്ന് പ്രിസൈഡിംഗ് ഓഫീസർക്ക് ബോദ്ധ്യമാകുന്ന പക്ഷം അതിനുള്ള സൗകര്യം ചെയ്തുകൊടുക്കേണ്ടതാണ്. പ്രസ്തുത വിഭാഗക്കാർക്ക് അത്തരത്തിലുള്ള അർഹത സംബന്ധിച്ച് പ്രശ്നം ഉൽഭവിക്കുമ്പോൾ അത് സംബന്ധിച്ച് പ്രിസൈഡിംഗ് ഓഫീസർ ഉചിത തീരുമാനമെടുക്കേണ്ടതാണ്.
2. കോവിഡ് പശ്ചാത്തലത്തിൽ മേൽപ്പറഞ്ഞ വിഭാഗം വോട്ടർമാർ ശരിയായവിധം മാസ്ക്ക് ധരിച്ചിട്ടുണ്ടെന്നും സാമൂഹ്യ അകലം പാലിച്ചിട്ടുണ്ടെന്നും പോളിംഗ് സ്റ്റേഷനുകളിൽ പ്രവേശിക്കുമ്പോഴും പുറത്തേക്ക് ഇറങ്ങുമ്പോഴും സാനിട്ടൈസർ നിർബന്ധമായും ഉപയോഗിക്കുന്നുണ്ടെന്നും ഉറപ്പാക്കണം.

3. മേൽപ്പറഞ്ഞ വിഭാഗം വോട്ടർമാർ പോളിംഗ് സ്റ്റേഷനിൽ എത്തുമ്പോഴും വോട്ടുരേഖപ്പെടുത്തിയതിന് ശേഷവും വിശ്രമം ആവശ്യമെങ്കിൽ അതിനായി കസേരയോ, ബെഞ്ചോ പോളിംഗ് സ്റ്റേഷനിൽ സജ്ജമാക്കിയിട്ടുണ്ടെന്നും പ്രിസൈഡിംഗ് ഓഫീസർമാർ ഉറപ്പാക്കണം.

എ.സന്തോഷ്
സെക്രട്ടറി

എല്ലാ ജില്ലാ തിരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കും,
എല്ലാ വരണാധികാരികൾക്കും(പ്രിസൈഡിംഗ് ഓഫീസർമാർക്ക് ലഭ്യമാക്കേണ്ടതിനായി)
എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ സെക്രട്ടറിമാർക്കും (പോളിംഗ് സ്റ്റേഷനിലെ പശ്ചാത്തല സൗകര്യം ഉറപ്പാക്കുന്നതിനായി
എല്ലാ ഓഫീസർമാർക്കും, സെക്ഷനുകൾക്കും

പകർപ്പ്:-
ഡയറക്ടർ, പഞ്ചായത്ത് വകുപ്പ്
ഡയറക്ടർ, നഗരകാര്യ വകുപ്പ്
കമ്മീഷണർ, ഗ്രാമവികസന വകുപ്പ്
എല്ലാ നഗരകാര്യ റീജിയണൽ ജോയിന്റ് ഡയറക്ടർമാർക്കും
എല്ലാ നോഡൽ ഓഫീസർമാക്കും, സെക്ഷനുകൾക്കും
സ്റ്റാന്റിംഗ് കൗൺസിൽ, കമ്മീഷണറുടെ പി.എസ്/സെക്രട്ടറിയുടെ സി.എ
ഓഫീസ് കോപ്പി/ സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

'ജനഹിതം' , റ്റി.സി.27/6(2), വികാസ് ഭവൻ പി.ഒ., തിരുവനന്തപുരം -695 033
ഫോൺ : **0471-2325048 (Administration), 2337884 (Election)**
**e-mail:cru.sec@kerala.gov.in, electionker@gmail.com**
**website:www.sec.kerala.gov.in**